**MONDAY** 31-01-2022 **തിങ്കളാഴ്ച**

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : George Sebastian** **Editor : Dr Asha T T**



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) - 31/01/2022

1. കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന **കൂടും കോഴിയും പദ്ധതി**യുടെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് (ജനുവരി 31) രാവിലെ 10.30-ന് പത്തനംതിട്ട ജില്ലയിലെ പറക്കോട് ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ കൂടുന്ന യോഗത്തിൽ വച്ച് ഓൺലൈനായി മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കും. ഡെപ്യൂട്ടി സ്പീക്കറും അടൂർ എം.എൽ.എ യുമായ ചിറ്റയം ഗോപകുമാർ ചടങ്ങിൽ അദ്ധ്യക്ഷത വഹിക്കും. പദ്ധതി ആനുകൂല്യങ്ങളായ 100 കോഴികളെ വളർത്താവുന്ന കൂടിന്റെയും കോഴികളുടെയും വിതരണോദ്ഘാടനം കോന്നി എം.എൽ.എ അഡ്വ. കെ.യു. ജനീഷ് കുമാർ നിർവഹിക്കും.

2. നാളികേര വികസന കോർപ്പറേഷനും വേങ്ങരി കാർഷിക മൊത്തവ്യാപാര വിപണന കേന്ദ്രവും സംയുക്തമായി കേരള സർക്കാരിന്റെ പച്ചതേങ്ങ സംഭരണപദ്ധതി പ്രകാരം നാളികേര സംഭരണം ആരംഭിച്ചു. കൃഷിഭവനിൽ നിന്നുള്ള സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ എല്ലാ പ്രവൃത്തി ദിവസവും 10 മണി മുതൽ 4 മണി വരെ വേങ്ങേരിയിലുള്ള കാർഷിക വിപണന കേന്ദ്രത്തിലുള്ള നാളികേര ഡ്രയർ യൂണിറ്റിൽ കിലോക്ക് 32 രൂപ നിരക്കിൽ കർഷകരിൽ നിന്നും പച്ച തേങ്ങ സംഭരിക്കും. കൃഷിഭവൻ സർട്ടിഫിക്കറ്റ് പ്രകാരമുള്ള ഒരു വർഷത്തെ ഉത്പാദനത്തിന്റെ ആറിലൊന്നു തൂക്കം 2 മാസത്തിലൊരിക്കൽ താങ്ങുവില പ്രകാരം എടുക്കും.

3. തിരുവനന്തപുരം പാളയം സാഫല്യം കോംപ്ലക്സ്കിലെ നഗരസഭ കൃഷിഭവനിൽ പേര തൈകൾ വിതരണത്തിനായി എത്തിയിട്ടുണ്ട്. കർഷകർക്ക് കൃഷിഭവനിൽ നിന്നും സൗജന്യമായി വാങ്ങാവുന്നതാണെന്ന് കൃഷിഓഫീസർ അറിയിച്ചു.

4. കേരള കാർഷിക സർവകലാശാലയുടെ മണ്ണുത്തിയിലെ കാർഷിക സാങ്കേതിക വിജ്ഞാന കേന്ദ്രത്തിൽ 500 കോമാടൻ തെങ്ങിൻ തൈകൾ തൈ ഒന്നിന് 130 രൂപ നിരക്കിൽ വിൽപ്പനയ്ക്കു ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **0487-2370540, 2371340** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

5. കോഴിക്കോട് ജില്ലയിലെ വേങ്ങേരി കാർഷിക വിജ്ഞാന വിപണന കേന്ദ്രത്തിൽ മാവ്, പച്ചക്കറി എന്നിവയ്ക്കുള്ള ഫിറമോൺ കെണികൾ, പച്ചക്കറി വിത്തുകൾ, പച്ചക്കറിതൈകൾ, നാടൻ തെങ്ങ്,

കമുക്, അവോക്കാഡോ, ആത്തച്ചക്ക, കൊക്കൊ, മാവ്, പനീർചാമ്പ, ഫാഷൻഫ്രൂട്ട്, റംബൂട്ടാൻ, സപ്പോട്ട, മാംഗോസ്റ്റിൻ, പന്നിയൂർ 1 കുരുമുളക്, സർവ്വസുഗന്ധി, ജാതി, ആര്യവേപ്പ്, കറിവേപ്പ്, ഗ്രാമ്പു എന്നിവയുടെ തൈകൾ, ട്രൈക്കോഡെർമ, സമ്പുഷ്ടീകരിച്ച ജൈവവളങ്ങൾ, ജൈവരോഗ കീട നിയന്ത്രണോപാധികൾ, ജീവാണു വളങ്ങൾ, സൂക്ഷ്മമൂലക വളങ്ങൾ തുടങ്ങിയവ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവർത്തിദിവസങ്ങളിൽ **0495 – 2935850** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

6. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ 56 ദിവസം പ്രായമായ അത്യുൽപാദനശേഷിയുള്ള ബി.വി 380, ഗ്രാമശ്രീ എന്നീ ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങൾ കുഞ്ഞൊന്നിന് 160 രൂപ നിരക്കിൽ വില്പനയ്ക്ക് ലഭ്യമാണ്. താൽപര്യമുള്ളവർ **9400483754** എന്ന ഫോൺ നമ്പറിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ ബന്ധപ്പെടുക.

7. പത്തനംതിട്ട ജില്ലയിൽ അഗ്രിക്കൾച്ചറൽ ടെക്നോളജി മാനേജ്മെന്റ് ഏജൻസി (ആത്മ) യിൽ **ബ്ലോക്ക് ടെക്നോളജി മാനേജർ** തസ്തികയിലേയ്ക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനായി ഫെബ്രുവരി 8-ന് രാവിലെ 11 മണിക്ക് പന്തളം കടയ്ക്കാവൂർ പ്രവർത്തിക്കുന്ന ആത്മ പ്രോജക്ട് ഡയറക്ടറുടെ ഓഫിസിൽ വച്ച് വാക്-ഇൻ-ഇന്റർവ്യൂ നടത്തുന്നു. കൃഷി/വെറ്ററിനറി/ഡെയറി/ഫിഷറീസ് എന്നിവയിർ ബിരുദാനന്തര ബിരുദമാണ് യോഗ്യത. സർക്കാർ സ്ഥാപനങ്ങളിലുള്ള രണ്ട് വർഷത്തിൽ കുറയാത്ത പ്രവർത്തിപരിചയം അഭികാമ്യമാണ്. താൽപര്യമുള്ളവർ ഫെബ്രുവരി 8-ന് രാവിലെ 10.30 മണിക്ക് പൂരിപ്പിച്ച ബയോഡേറ്റയും അസൽ സർട്ടിഫിക്കറ്റും സഹിതം ആത്മ പ്രോജക്ട് ഡയറക്ടറുടെ ഓഫീസിൽ ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **04734-296180, 9383471982** എന്നീ ഫോൺ നമ്പരുകളിലോ, പന്തളം കടയ്ക്കാട് പ്രവർത്തിക്കുന്ന ആത്മ പ്രോജക്ട് ഡയറക്ടറുടെ ഓഫീസിലോ ബന്ധപ്പെടുക.

8. ഐ.സി.എ.ആറിന്റെ കീഴിലുള്ള ദേശീയവിജ്ഞാന വ്യാപന ഇൻസ്റ്റിറ്റ്യൂട്ടിന്റെ കന്യാകുമാരി ആസ്ഥാനമായ മാനേജിന്റെ (MANAGE) നോഡൽ ഏജൻസിയായ സ്റ്റെല്ലാമേരീസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്

ഡെവലപ്പ്മെന്റ് സ്റ്റഡീസ് 45 ദിവസത്തെ AC&ABC കോഴ്സിന് അപേക്ഷ ക്ഷണിക്കുന്നു. +2, വി.എച്ച്.എസ്.സി യാണ് അടിസ്ഥാന യോഗ്യത. സയൻസ് ഗ്രൂപ്പുകാർ, അഗ്രിക്കൾച്ചർ, ബയോളജി, ഡിഗ്രി, ഡിപ്ലോമയുള്ളവർക്ക് മുൻഗണന. അപേക്ഷാ തീയതി ഒന്നാം ബാച്ച് ഫെബ്രുവരി 22, രണ്ടാം ബാച്ച് ഏപ്രിൽ 15. കൂടുതൽ വിവരങ്ങൾക്ക് **9387212005, 944397588** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക. അപേക്ഷ അയയ്ക്കേണ്ട വിലാസം സ്റ്റെല്ലാമേരീസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെവലപ്പ്മെന്റ് സ്റ്റഡീസ്, കോട്ടക്കാരൈ റോഡ്, കന്യാകുമാരി-629702.

9. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ അലങ്കാര കോഴി ഒന്നിന് 85 രൂപ നിരക്കിലും, കടക്നാഥ് ഒന്നിന് 35 രൂപ നിരക്കിലും, നേക്കഡ് നെക്ക്, തലശ്ശേരി ഇനത്തിൽ പെട്ട കോഴികൾക്ക് ഒന്നിന് 22 രൂപ നിരക്കിലും ചൊവ്വ, വെള്ളി ദിവസങ്ങളിൽ ലഭ്യമാണ്. താൽപര്യമുള്ളവർ **0479–2452277** എന്ന ഫോൺ നമ്പരിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്.

**പരിശീലന പരിപാടികൾ**

10. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) **'സോയിൽ ഹെൽത്ത് മാനേജ്മെൻറ്'** എന്ന ഓൺലൈൻ വിദൂര പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ഇംഗ്ലീഷ് ആണ് പഠന മാദ്ധ്യമം . താല്പര്യമുള്ളവർ www.celkau.in എന്ന വെബ്സൈറ്റിലെ 'ഓൺലൈൻ കോഴ്സ്' എന്ന ലിങ്കിൽ നിന്നും രജിസ്റ്റ്രേഷൻ ഫോറം പൂരിപ്പിച്ചു submit ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി 2022 ഫെബ്രുവരി 24 ആണ്. കോഴ്സുകൾ 2022 ഫെബ്രുവരി 25 ന് തുടങ്ങുന്നതാണ്. കൂടുതൽ വിവരങ്ങൾ www.celkau.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾക്കായി celkau@gmail.com എന്ന ഇ-മെയിൽ വിലാസത്തിലും **7559070461, 9497353389, 9567190858** എന്നീ ഫോൺ നമ്പരുകളിലും ബന്ധപ്പെടാവുന്നതാണ്.

11. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർമേഖലയിലെ സംരംഭകത്വവികസനത്തിനായി ഫെബ്രുവരി 01-ന് ഏകദിന ഓൺലൈൻ പരിശീലനം നൽകുന്നു. ആർ.എസ്.എസ്. ഗ്രേഡ് ഷീറ്റുകളുടെ നിർമ്മാണം,

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

റബ്ബർപാലിൽനിന്നും ഉണക്കറബ്ബറിൽനിന്നുമുള്ള ഉത്പന്നങ്ങളുടെ നിർമ്മാണം തുടങ്ങിയ മേഖലകളിലെ നിക്ഷേപസാദ്ധ്യതകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലനം രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481 – 2353127** എന്ന ഫോൺ നമ്പരിലോ **04812353201** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം